ഭരണഭാഷ മാതൃഭാഷ

നമ്പർ: എൻ.എം.എ(1)-31344/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 31/08/2019

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും /
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

**വിഷയം:** പൊതുവിദ്യാഭ്യാസം - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 2019-20 - പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് ഓണത്തിനോടനുബന്ധിച്ച് 5 കിലോ ഗ്രാം വീതം അരി സൗജന്യമായി നൽകുന്നത് - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടത് -സംബന്ധിച്ച്

**സൂചന:** സർക്കാർ ഉത്തരവ് (സാധാ) നം.3475/2019/പൊ.വി.വ, തീയതി 30.08.2019

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും ഓണത്തിനോടനുബന്ധിച്ച് 5 കിലോ അരി വീതം സൗജന്യമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) കൈവശം സ്റ്റോക്കുള്ള എം.ഡി.എം.എസ് അരിയിൽ നിന്ന് വിതരണം ചെയ്യുന്നതിന് സൂചന പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഓണത്തിനോടനുബന്ധിച്ച് 5 കിലോ അരി വീതം ലഭ്യമാക്കുന്നതിന് ആവശ്യമായ അരി സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സ്റ്റോക്ക് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സപ്ലൈകോ സി.എം.ഡി-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രീ-പ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഓണത്തിനോടനുബന്ധിച്ച് 5 കിലോ അരി വീതം സൗജന്യമായി നൽകുവാൻ സർക്കാർ അനുമതി നൽകിയ വിവരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാദ്ധ്യാപകരെ അടിയന്തിരമായി അറിയിക്കുകയും ഇതിലേക്ക് ആവശ്യമായ അരിയുടെ ഇൻഡന്റ് സെപ്തംബർ 3-ാം തീയതി മുതൽ സ്കൂളുകൾക്ക് പാസ്സാക്കി നൽകുകയും (സ്റ്റേറ്റ് സോഫ്റ്റ് വെയറിലെ സ്പെഷ്യൽ റൈസ് എന്ന ലിങ്ക് മുഖാന്തിരം ) ചെയ്യേണ്ടതാണ്. ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന

(..മറുപുറം..)

എല്ലാ കുട്ടികൾക്കും അഞ്ച് കിലോ അരി വീതം ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഓണാവധിക്കാലം ആരംഭിക്കുന്നതിനു മുൻപായി അരി വിതരണം പൂർത്തീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ജില്ലാതലത്തിലെ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ മേൽനോട്ടം വഹിക്കേണ്ടതും ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട ജില്ലാതല, സബ്ജില്ലാതല ഉദ്യോഗസ്ഥർക്കും പ്രഥമാദ്ധ്യാപകർക്കും നൽകേണ്ടതുമാണ്.

അരി വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് പ്രത്യേകം എഴുതി സൂക്ഷിക്കുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

അരി വിതരണം നടത്തുന്നതോടൊപ്പം അതാത് ദിവസം തന്നെ വിതരണത്തിന്റെ വിശദാംശങ്ങൾ ( സ്റ്റാന്റേർഡ് വൈസ് കുട്ടികളുടെ എണ്ണം ) സ്റ്റേറ്റ് സോഫ്റ്റ്‌വെയറിലെ "സ്പെഷ്യൽ റൈസ് ഡിസ്ട്രിബ്യൂഷൻ" എന്ന മെനുവിലെ വിൻഡോയിൽ രേഖപ്പെടുത്തുവാൻ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

ജില്ലകളിലെ അരി വിതരണത്തിന്റെ പുരോഗതി വിദ്യാഭ്യാസ ഉപഡയറക്ടർമാർ ദൈനംദിനാടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതും ഓണാവധി ആരംഭിക്കുന്നതിന് മുൻപായി അരി വിതരണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. സ്കൂൾതലത്തിലെ അരി വിതരണം സംബന്ധിച്ച വിവരങ്ങൾ സ്റ്റേറ്റ് സോഫ്റ്റ്‌വെയറിലെ "റിപ്പോർട്ട്സ്" എന്ന മെനുവിന് കീഴിൽ "സ്പെഷ്യൽ റൈസ് ഡിസ്ട്രിബ്യൂഷൻ" എന്ന വിൻഡോയിൽ നിന്നും ലഭ്യമാകുന്നതാണ്.

ഏതെങ്കിലും ജില്ലകളിൽ വിതരണത്തിന് ആവശ്യമായ അരി മതിയായ അളവിൽ ലഭ്യമാവാത്ത സാഹചര്യം ഉണ്ടെങ്കിൽ ടി വിവരം എത്രയും വേഗം വിദ്യാഭ്യാസ ഉപഡയറക്ടർമാർ നേരിട്ട് ഈ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ (ഉച്ചഭക്ഷണ വിഭാഗം) ഫോൺ (നം: 9496253899) സന്ദേശം മുഖാന്തിരം അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**ആർ.എസ്.ഷിബു**
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

S.S